**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5341 — 02.07.2013 ൽ മറുപടിക്ക്

**ഇ-ഗവേണൻസ് പദ്ധതി**

**ചോദ്യം**

ശ്രീ . തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ . ആർ. സെൽവരാജ്

ശ്രീ. പി.സി. വിഷ്ണുനാഥ്

ശ്രീ. സി.പി. മുഹമ്മദ്

**മറുപടി**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ഇ-ഗവേണൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(എ) പൊതുജനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ കാലതാമസമില്ലാതെ എത്തിക്കുകയും അത്തരം സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത, സുതാര്യത, ചെലവ് കുറയ്ക്കൽ, അഴിമതിരഹിത ഓഫീസ്, കാലതാമസമില്ലാതെ സേവനങ്ങൾ ഇട നിലക്കാരെയും മറ്റും ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുക എന്നിവയാണ് ഇ-ഗവേണൻസ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) എന്തെല്ലാം സൗകര്യങ്ങളും നേട്ടങ്ങളുമാണ് പ്രസ്തുത പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഐ.ടി. അടിസ്ഥാന സൗകര്യങ്ങളുടെ സഹായത്തോടെ സർക്കാരിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾ ഓൺലൈനായി ഓഫീസുകളിൽ പോകാതെ തന്നെ

പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള സൗകര്യം. ഉദാഹരണമായി ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി ഓൺലൈൻ വഴി നൽകുന്ന റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റുകൾ. സർക്കാരിന് അടക്കേണ്ടതായ ഫീസുകളും നികുതികളും മറ്റു അടവുകളും തെരഞ്ഞെടുത്ത ബാങ്കുകളുടെ Internet Bankingഉം ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളും മറ്റ് e-payment സൗകര്യങ്ങളും മുഖാന്തിരവും സർക്കാരിന് അടക്കുവാനുള്ള സൗകര്യം. ഉദാഹരണമായി വെള്ളക്കരം, കറന്റ് ചാർജ്ജ്, മോട്ടോർ വാഹന വകുപ്പിന്റെ വിവിധ സേവനങ്ങൾക്കുള്ള ഫീസ്, ടെൻറർ ഫീസ് ,നിരത ദ്രവ്യം തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ ഇ-പേയ്മെന്റ് സൗകര്യം.

(സി) ഏതെല്ലാം ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് സംസ്ഥാനത്തിന് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ;വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) താഴെ ചേർത്തിരിക്കുന്ന അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

1) good governance –ന് e India 2012 അവാർഡ്
2) ഇ-ഡിസ്ട്രിക്റ്റ് പ്രോജക്ടിന് സി.എസ്.ഐ. നിഹിലന്റ് അവാർഡ് 2012
3) നല്ല പ്രോജക്ടിന് കേരള സ്റ്റേറ്റ് ഐ. ടി. മിഷന് ലഭിച്ച eWorld Jury Choice Award

സെക്ഷൻ ഓഫീസർ